# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 06-06-2013

## 650 സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള തീരുമാനം റദ്ദുചെയ്യണം

**കെ.എസ്.ടി.എ**

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ തകർച്ചയിലേക്ക് നയിക്കുന്ന, 650 സി.ബി. എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള തീരുമാനം റദ്ദുചെയ്യണമെന്ന് കെ. എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ 850 സി.ബി.എസ്.ഇ സ്കൂളുകളാണ് ഉായിരുന്നത്. പുതിയ തീരുമാനത്തിലൂടെ 1500 ലധികം സ്കൂളുകൾ നിലവിൽ വരികയാണ്. കുട്ടികളുടെ പ്രവേശന നിരക്ക് കുറയുന്ന ഘട്ടത്തിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നത് പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നിബന്ധനയുമായി ബന്ധപ്പെട്ട കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഈ സാഹചര്യത്തിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് കോടതി അലക്ഷ്യമാണ്. സുപ്രീംകോടതിയുടെ അന്തിമവിധിയ്ക്ക് വിധേയമായി മാത്രമേ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുകയുള്ളൂ. കോർപ്പറേറ്റ് സ്ഥാപനങ്ങളടക്കം നൽകിയ അപേക്ഷ ഗവൺമെന്റ് പരിഗണിച്ചിരിക്കുകയാണ്.

പത്തുലക്ഷത്തോളം കുട്ടികൾക്ക് പഠിക്കാനുള്ള ക്ലാസ്മുറികൾ പൊതുവിദ്യാലയങ്ങളിൽ ഒഴിഞ്ഞുകിടക്കുകയാണ്. തസ്തിക നഷ്ടപ്പെട്ട പതിനായിരത്തിലധികം അധ്യാപകർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യം നിലവിലു്. രുവർഷംകൊ് അൺഎക്കണോമിക് സ്കൂളുകളുടെ എണ്ണം 3300 ൽ നിന്നും 4600 ആയി വർദ്ധിച്ചു. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിന് തടസ്സം നിൽക്കുന്ന തീരുമാനമാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കാനുള്ള എല്ലാ പദ്ധതികളും സർക്കാർ ഉപേക്ഷിച്ചിരിക്കുകയാണ്. അൺ-എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം കൊടുക്കാൻ നീക്കമുള്ളതായി അറിയുന്നു.

സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്ന നടപടി റദ്ദുചെയ്തില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി